പത്രക്കുറിപ്പ് പ്രസിദ്ധീകരണത്തിന്

**ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലന ക്യാമ്പിലേക്ക് താല്പര്യമുള്ള സ്കൂളുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു**

**അവസാന തീയതി 2018 ജനുവരി 20.**

**തിരുവനന്തപുരം:-** മുസ്ലീം, ക്രിസ്ത്യൻ തുടങ്ങിയ ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ്-വ്യക്തിത്വ വികസന പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. അഭിരുചിക്കനുസരിച്ച് ഉപരിപഠന മേഖലകൾ തെരഞ്ഞെടുക്കുക, വ്യക്തിത്വ രൂപീകരണം തുടങ്ങിയവയാണ് ഈ ക്യാമ്പിന്റെ മുഖ്യ ലക്ഷ്യങ്ങൾ. ഒന്നാം ദിനം രാവിലെ 9 മണിക്ക് ക്യാമ്പ് ആരംഭിച്ച് രണ്ടാം ദിനം വൈകിട്ട് 4 മണിക്ക് അവസാനിക്കാവുന്ന രൂപത്തിലാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. ക്യാമ്പിൽ പങ്കെടുക്കുന്നവർ ഒന്നാം ദിനം രാത്രി ക്യാമ്പിൽ താമസിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ ചുരുങ്ങിയത് 60% മാർക്ക് നേടിയവർക്കാണ് ക്യാമ്പിലേക്കുള്ള പ്രവേശനം. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയുടെ മാർക്കും മറ്റുള്ളവർക്ക് മുൻ വർഷത്തെ വാർഷിക പരീക്ഷയുടെ മാർക്കുമാണ് മാനദണ്ഡം. 30% സീറ്റുകൾ പെൺകുട്ടികൾക്കും 20% സീറ്റുകൾ മുസ്ലീങ്ങൾ ഒഴികെയുള്ള മറ്റ് മതന്യൂനപക്ഷ വിഭാഗങ്ങൾക്കും സംവരണം ചെയ്തിരിക്കുന്നു. ബി.പി.എൽ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകും. ഒരു ക്യാമ്പിൽ പരമാവധി 100 വിദ്യാർത്ഥികൾക്കാണ് അവസരം. ഓരോ ജില്ലയിലും പരമാവധി 10 ക്യാമ്പുകൾ വരെ സംഘടിപ്പിക്കും. കരിയർ ഗൈഡൻസ്, വ്യക്തിത്വ വികസനം, നേതൃത്വ പാടവം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരായ പരിശീലകർ ക്യാമ്പിൽ നേതൃത്വം നൽകും. താല്പര്യമുള്ള സ്കൂളുകൾ അതത് പരിശീലന കേന്ദ്രം പ്രിൻസിപ്പലുമായി ബന്ധപ്പെടുക. ജില്ലകളിലെ പരിശീലന കേന്ദ്രം സംബന്ധിച്ച വിവരങ്ങൾ www.minoritywelfare.kerala.gov.in എന്ന വകുപ്പ് വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2018 ജനുവരി 20.

Fasil A

അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
ഡയറക്ടർക്കു വേണ്ടി

എഫ്.എൻ.10.1/18